# നമ്മുടെ വിശ്വാസപരിശീലനം

നമ്മുടെ വിശ്വാസപരിശീലനത്തിൻറെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് തികച്ചും അറിവുള്ളവരാണ് നാം. ഏറ്റവും വലിയ ദാനവും സൗഭാഗ്യവുമായി നമുക്ക് ലഭിച്ചത് വരുംതലമുറക്ക് കൈമാറാനുള്ള വലിയ ഉത്തരവാദിത്വം നമുക്കുണ്ട്. അതിനെക്കാളുപരിയായി പുതിയ തലമുറയെ വിശ്വാസത്തിലും സന്മാർഗ്ഗത്തിലും ഉറപ്പക്കുക എന്നതും വിശ്വാസപരിശീലത്തിൻറെ ഉദ്ദേശമാണ്. യുവജനങ്ങൾക്ക് വേണ്ടിയുള്ള മതബോധനഗ്രന്ഥം (YOUCAT) ആമുഖത്തിൽ അവർക്കുവേണ്ടി ബനഡിക്ട് മാർപാപ്പ ഇങ്ങനെ എഴുതുന്നു: "നിങ്ങൾ എന്തു വിശ്വസിക്കുന്നുവെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം. ഒരു ഐടി സ്പെഷ്യലിസ്റ്റ് കംപ്യൂട്ടറിൻറെ ആന്തരികപ്രവർത്തനങ്ങൾ അറിയുന്നതുപോലെ കൃത്യതയോടെ നിങ്ങൾ നിങ്ങളുടെ വിശ്വാസം അറിയണം. . . നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളുടെ തലമുറയേക്കാൾ വിശ്വാസത്തിൽ ആഴത്തിൽ വേരുറച്ചവരായിരിക്കണം."

## 1. രണ്ടാം വത്തിക്കാൻ സൂനഹദോസും വിശ്വാസപരിശീലനവും

രണ്ടാം വത്തിക്കാൻ സൂനഹദോസിനു മുമ്പും അതു നടന്ന കാലത്തും അതിനു ശേഷവും മതബോധനരംഗത്ത് നൂതനചിന്തകളും ആഭിമുഖ്യങ്ങളും ഉയർന്നുവന്നു. മതബോധനം വിശ്വാസജീവിതത്തിനുള്ള പരിശീലനമായിരിക്കണം. ആരധനാക്രമത്തിലുള്ള പങ്കാളിത്തത്തിനും ഭക്തിയോടെയുള്ള കൂദാശകളുടെ സ്വീകരണത്തിനും അതു വഴിതെളിക്കണം. ക്രിസ്തുരഹസ്യത്തിലേക്കും സഭാജീവിതത്തിലേക്കും അത് വിശ്വാസികളെ പ്രവേശിപ്പിക്കണം. സഭാപ്രബോധനങ്ങളെ ആധുനികജീവിതത്തിൻറെ സാഹചര്യത്തിൽ ഉൾക്കൊള്ളുവാനുള്ള പരിശീലനം അത് വിശ്വാസികൾക്ക് നല്കണം മുതലായവയാണ് ഈ ചിന്തകളിൽ പ്രധാനപ്പെട്ടവ. ദൈവാരാധന, പ്രാർത്ഥന, വിശ്വാസസാക്ഷ്യം, സന്മാർഗ്ഗജീവിതം എന്നീ തലങ്ങളിലെല്ലാം

കുഞ്ഞുങ്ങൾക്കും മുതിർന്നവർക്കും ശരിയായ പരിശീലനം നല്കുന്ന ഒരു പ്രക്രിയയാണ് വിശ്വാസപരിശീലനം/ മതബോധനം.

രണ്ടാം വത്തിക്കാൻ സൂനഹദോസിലെ പിതാക്കന്മാർ മുമ്പോട്ട് വെച്ച നിർദ്ദേശപ്രകാരം കത്തോലിക്കാസഭയുടെ വിശ്വാസസംക്ഷേപം (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം / **CCC) 1992**-ൽ പ്രസിദ്ധീകരിച്ചു. അതിനുശേഷം സഭയുടെ മുഴുവൻ വിശ്വാസപരിശീലനശുശ്രൂഷക്ക് രൂപരേഖയും മാർഗദർശനവും നല്കുന്ന **General Directory for Catechesis** എന്ന പ്രമാണഗ്രന്ഥവും പ്രസിദ്ധീകരിച്ചു.

## 2. വിശ്വാസപരിശീലനത്തെക്കുറിച്ച് സഭാനിയമങ്ങൾ

വിശ്വാസപരിശീലനം നല്കുന്നതിനുള്ള ഗൗരവമാർന്ന ഉത്തരവാദിത്വം ഓരോ സ്വയാധികാരസഭക്കും, പ്രത്യേകിച്ച് അവയുടെ മെത്രാന്മാർക്കും ഉണ്ട്. അതുവഴി വിശ്വാസം പക്വത പ്രാപിക്കുകയും ക്രിസ്തുവിൻറെ പ്രബോധനങ്ങളെക്കുറിച്ചുള്ള അഗാധവും കൂടുതൽ ക്രമവത്കൃതവുമായ അറിവും ക്രിസ്തുവെന്ന വ്യക്തിയോടുള്ള ദൃഢമായ സമർപ്പണവുംവഴി ക്രിസ്തുശിഷ്യൻ രൂപപ്പെടുത്തപ്പെടുകയും ചെയ്യുന്നു. ക്രിസ്തുശിഷ്യരുടെ വിശ്വാസം ആഴമുള്ളതാക്കിത്തീർക്കുവാൻ ക്രമമായും ചിട്ടയായും നല്കപ്പെടുന്ന വിശ്വാസപരിശീലനത്തിന് സാധിക്കണം. (കാനോന **617**). വിശ്വാസപരിശീലനത്തിൽ സഭാതലവനും മെത്രാന്മാർക്കുമുള്ള ഉത്തരവാദിത്വത്തെ സഭാനിയമം പ്രത്യേകം എടുത്തു പറയുന്നുണ്ട്. വിശ്വാസപരിശീലനത്തിന് വേണ്ടി പ്രായോഗികനിർദ്ദേശങ്ങളടങ്ങിയ വിശ്വാസപരിശീലനമാർഗ്ഗരേഖ ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. ഓരോ വ്യക്തിസഭയുടെയും ദൈവശാസ്ത്രം, ആരാധനാക്രമം, ശിക്ഷണക്രമം, ആദ്ധ്യാത്മികത എന്നിവയിൽ ഊന്നിയായിരിക്കണം വിശ്വാസപരിശീലനപദ്ധതി തയ്യാറാക്കേണ്ടത്.

## **3.** വിശ്വാസപരിശീലനത്തിന് വത്തിക്കാൻ സൂനഹദോസിൻറെ പ്രമാണരേഖകൾ

നമ്മുടെ വിശ്വാസത്തിൻറെ യുക്തിയെക്കുറിച്ച് ആർക്കും ഉത്തരം നല്കാൻ പര്യാപ്തരായിരിക്കാനുള്ള വിശുദ്ധ പത്രോസിൻറെ ആഹ്വാനമനുസരിച്ച് **(1** പത്രോ **3,15)** ഓരോ ക്രൈസ്തവവിശ്വാസിയെയും അഭ്യസിപ്പിക്കുന്ന ആധുനികക്രിസ്തീയ മാർഗരേഖയാണ് വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങൾ എന്നു പറയാം. വഴിതെറ്റിക്കുന്ന പ്രചാരണതന്ത്രങ്ങൾക്കും കപടപ്രബോധനങ്ങൾക്കുമിടയിൽ ഉത്തമമബോധനത്തിൻറെ ജീവധാരയാണ് സഭയുടെ ഈ സത്യപ്രബോധനങ്ങൾ. മാതാവും ഗുരുനാഥയുമായ സഭയുടെ പാദാന്തികത്തിലിരുന്ന് പഠിച്ച് മിശിഹായിൽ വളരാൻ വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങൾ സഭാതനയെരെ സുസജ്ജരാക്കുന്നു.

## **4.** സീറോ മലബാർ സഭയുടെ വിശ്വാസപരിശീലന പാഠാവലി.

പാഠപുസ്തകങ്ങൾ "രക്ഷ" എന്നതിനെ കേന്ദ്രമാക്കി വികസിതമായതാണ്. രക്ഷ എന്നത് ഭൗമീക ജീവിതത്തിലെ പാപ സാഹചര്യങ്ങളെ അതിജീവിച്ച് നിത്യജീവൻ പ്രാപിക്കുക (ദൈവത്തിലേക്ക് തിരികെയെത്തുക] എന്നതാണ്. ഇതിനുള്ള കൃപ ലഭ്യമാക്കിയതും ലഭ്യമാക്കുന്നതും രക്ഷകനായ (പുത്രനായ ദൈവം) ദൈവമാണ്. ഈ രക്ഷാകരകർമ്മം ഇന്ന് കൂദാശകളിലൂടെ തുടരുന്നു. പ്രസ്തുത രക്ഷാകരകർമ്മത്താൽ (കൂദാശകളാലും കൂദാശാനുകരണങ്ങളാലും) വിശുദ്ധീകരിക്കപ്പെടുന്ന സമൂഹമാണ് സഭ. പ്രമാണങ്ങൾ ( ധാർമ്മിക ജീവിതം ) പ്രാർത്ഥന-പൊതുജന ഭക്തി (ദൈവാശ്രയ ജീവിതം) ഇവ രണ്ടും ചേർന്നതാണ് ആത്മീയ ജീവിതം. ഈ വസ്തുതകളിലേക്ക് ബാല്യ, / കൗമാരക്കാരെ നയിക്കുകയും, ബോധ്യങ്ങളിലേക്ക് നയിച്ച് നന്മയുടെ ശീലങ്ങൾ രൂപീകരിക്കപ്പെടണമെന്നതാണ് ഈ പുസ്തക ശ്രേണിയുടെ ലക്ഷ്യം. അതിനുതകുന്ന വിധം അറിവുകൾ/ വസ്തുതകൾ/ സഭാപഠനങ്ങൾ/ വചനം/

എന്നിവയിലൂടെ വിശ്വാസത്തിലേക്കും അതനുസരിച്ചുള്ള ജീവിതത്തിലേക്കും നയിക്കും വിധമാണ് പാഠങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

സീറോ മലബാർ സഭയുടെ വിശ്വാസപരിശീലനത്തിനുവേണ്ടിയുള്ള സിനഡൽ കമ്മീഷൻ സീറോ മലബാർ സഭയുടെ വിശ്വാസപരിശീലനക്കമ്മറ്റി എന്ന പേരിൽ ഒരു പ്രത്യേക സമിതിയെ രൂപവത്കരിച്ച് നമ്മുടെ സഭയിലെ വിശ്വാസപരിശീലന പരിപാടികളുടെ സംവിധാനവും ഏകീകരണവും നിർവ്വഹിക്കുന്നു. **2003-**ൽ സീറോ മലബാർ സഭക്ക് ഒരു കാറ്റക്കറ്റിക്കൽ ഡിറക്ടറിയും തുടർന്ന് വിശ്വാസപരിശീനപാഠാവലിയായ "രക്ഷയുടെ പാതയിൽ" വിവിധ ക്ലാസുകൾക്ക് വേണ്ടിയും പുറത്തിറക്കി.

അടിസ്ഥാനപരമായ ക്രൈസ്തവബോദ്ധ്യം പകർന്നുകൊടുക്കുന്നതിന് വേണ്ടി കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം തന്നെയാണ് ലളിതമായ ആഖ്യാനശൈലിയിൽ അതാത് പ്രായത്തിലുള്ള കുട്ടികൾക്ക് മനസ്സിലാകുന്ന വിധത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്നത്. മതബോധനഗ്രന്ഥം മുഴുവനായും പരിചയപ്പെടുത്തുക എന്നതിനേക്കാൾ വിശ്വാസത്തിൻറെ അടിസ്ഥാനബോദ്ധ്യങ്ങൾ കുട്ടികൾക്ക് പകർന്നുനല്കുക എന്ന കാഴ്ചപ്പാടാണ് വിശ്വാസപരിശീലനപാഠാവലി പുലർത്തിയിരിക്കുന്നത്.

## **5.** വിശ്വാസപരിശീലനപാഠാവലിയുടെ ആന്തരിക ഘടന

വിശ്വാസപരിശീലനപാഠാവലിക്ക് ഒരു ആന്തരികഘടനയുണ്ട്. അതനുസരിച്ച് ആദ്യത്തെ മൂന്ന് വർഷങ്ങൾ (ഒന്നാം ക്ലാസ് മുതൽ മൂന്നാം ക്ലാസ് വരെ) പരിശുദ്ധ ത്രിത്വത്തിലും അടുത്ത നാല് വർഷങ്ങൾ **(4-7)** ഈശോയിലും, അടുത്ത മൂന്ന് വർഷങ്ങൾ **(8-10)** തിരുസ്സഭയിലും കേന്ദ്രീകരിച്ചാണ്. അവസാന രണ്ട് വർഷങ്ങളാകട്ടെ ദൈവവും ചരിത്രപുരുഷനുമായ ഈശോയിൽ ഊന്നിക്കൊണ്ട് സഭയിലും സമൂഹത്തിലും

ജീവിക്കേണ്ടതെങ്ങനെയെന്ന പരിശീലനമാണ് നല്കുന്നത്. വിവിധവിഷയങ്ങൾ അവിടെ ചർച്ച ചെയ്യപ്പെടുന്നു.

അല്പം കൂടി വിശദമാക്കിയാൽ പത്ത് വർഷത്തെ വിശ്വാസപരിശീലനത്തിൻറെ ഉള്ളടക്കത്തെ നമുക്ക് ഇങ്ങനെ മനസ്സിലാക്കാം.

### 5.1 പരിശുദ്ധ ത്രിത്വകേന്ദ്രീകൃതം

ഒന്നാം ക്ലാസ് - സ്രഷ്ടാവായ ദൈവം (പിതാവ്)
രണ്ടാം ക്ലാസ് - രക്ഷകനായ ദൈവം (പുത്രൻ)
മൂന്നാം ക്ലാസ് - പരിശുദ്ധാത്മാവായ ദൈവം (പരിശുദ്ധാത്മാവ്)

അടിസ്ഥാന ക്രൈസ്തവദൈവസങ്കല്പമായ പരിശുദ്ധ ത്രിത്വമാണ് ആദ്യത്തെ മൂന്ന് വർഷങ്ങളിലായി കുട്ടികൾക്ക് പരിചയപ്പെടുത്തുന്നത്. എന്നാൽ പരിശുദ്ധ ത്രിത്വത്തിൻറെ ആഴമേറിയ രഹസ്യത്തെ ഉൾക്കൊള്ളാൻ മാത്രം കുട്ടികൾ വളർന്നിട്ടുള്ള പ്രായമല്ല ഇത്. എങ്കിലും അവരുടെ ചിന്തയിലും ജീവിതത്തിലും ദൈവമെന്നാൽ പരിശുദ്ധ ത്രിത്വമാണെന്നും ഏകദൈവമാണെന്നുമുള്ള ചിന്ത ആഴത്തിൽ പതിയേണ്ടത് ഇക്കാലഘട്ടത്തിലാണ്. അതിനാൽ മൂന്ന് വർഷവും ത്രിയേകദൈവത്തിലെ വ്യക്തികളെക്കുറിച്ച് പഠിപ്പിക്കുമ്പോൾ ത്രിത്വത്തിലെ ഓരോ വ്യക്തിയെയും കൂടുതൽ അടുത്തറിയാനും അതേസമയം ദൈവം ഏകനാണെന്ന ചിന്ത ശക്തിപ്പെടുത്തുവാനും വിശ്വാസപരിശീലകർക്ക് സാധിക്കണം.

### 5.2 ക്രിസ്തുകേന്ദ്രീകൃതം

നാലാം ക്ലാസ് - ജീവൻറെ നീർച്ചാലുകൾ (കൂദാശകൾ)

കുട്ടികൾ വിശുദ്ധ കുർബാനയും അനുരഞ്ജനകൂദാശയും സ്വീകരിക്കുന്ന പ്രായത്തിലേക്ക് പ്രവേശിക്കുകയാണ്. മിശിഹാ നേടിത്തന്ന രക്ഷ കൂദാശകളിലൂടെ നീർച്ചാലുകൾ പോലെ വിശ്വാസികളിലേക്കൊഴുകി അവർക്ക് ജീവൻ നല്കുന്നു. ത്രിത്വൈകദൈവം മനുഷ്യവംശത്തിന് നേടിത്തന്ന രക്ഷ

ഇന്ന് ഓരോരുത്തർക്കും അനുഭവവേദ്യമാക്കുന്നത് കൂദാശകളിലൂടെയാണ്. കൂദാശകളെ ആമുഖമായി പരിചയപ്പെടുത്തുക മാത്രമാണ് യഥാർത്ഥത്തിൽ നാലാം ക്ലാസ്സിലെ പാഠപുസ്തകം ചെയ്യുന്നത്. തുടർന്നുള്ള ക്ലാസുകളിൽ അവയെക്കുറിച്ചുള്ള കൂടുതൽ ആഴത്തിലുള്ള ബോദ്ധ്യങ്ങൾ കുട്ടികൾക്ക് ലഭിക്കേണ്ടതുണ്ട്.

അഞ്ചാം ക്ലാസ് - രക്ഷകനെ കാത്തിരുന്ന ജനം
ആറാം ക്ലാസ് - ഈശോയെ അനുഭവിച്ച ജനം
ഏഴാം ക്ലാസ് - ഈശോയുടെ പ്രബോധനങ്ങൾ

ക്രിസ്തുകേന്ദ്രീകൃതമായി ഏകരക്ഷകനായ ഈശോയെ പ്രഘോഷിക്കാൻ കഴിയുന്ന വിധത്തിൽ ദൈവവചനമാണ് **5,6,7** ക്ലാസ്സുകളിൽ ചർച്ച ചെയ്യപ്പെടുന്നത്. രക്ഷകൻറെ വരവിനെ കാത്തിരിക്കുന്ന പഴയനിയമജനതയുടെ മുഴുവൻ ചരിത്രത്തെയും സംക്ഷിപ്തമാക്കി അവതരിപ്പിക്കുന്നത് അഞ്ചാം ക്ലാസ്സിലെ "രക്ഷകനെ കാത്തിരുന്ന ജനം" എന്ന പാഠപുസ്തകത്തിലാണ്. പഴയനിയമജനതയുടെ രൂപീകരണവും അവർക്ക് ദൈവം നല്കിയ വാഗ്ദാനവും ഈശോയുടെ ജനനത്തിലാണ് പൂർത്തിയാകുന്നത് എന്ന സന്ദേശം അവിടെ നല്കുന്നു. അതിന് ദൈവം അവരെ ഒരുക്കിയ വഴികളാണ് പഴയ നിയമം മുഴുവനും. ഈശോയിൽ വെളിപ്പെടാനിരിക്കുന്ന സത്യദൈവത്തിൻറെ യഥാർത്ഥചിത്രത്തിലേക്കുള്ള ചൂണ്ടുപലകകളാണ് പഴയനിയമത്തിലെ ദൈവസങ്കല്പം മുഴുവനും

ആറാം ക്ലാസിലെ പാഠപുസ്തകം പഴയനിയമത്തിലെ പ്രവചനങ്ങൾ പൂർത്തിയാക്കി ബത്ലഹേമിൽ പിറക്കുന്ന ഈശോയിലേക്കും അവിടുത്തെ ജീവിതത്തിലേക്കും പ്രവർത്തനങ്ങളിലേക്കുമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. വാഗ്ദാനങ്ങളുടെ നിറവേറലായിരുന്നു ഈശോയുടെ ജനനം എന്നും ദൈവം മനുഷ്യനായി എന്നും പുതിയനിയമത്തിൻറെയും ജീവിതത്തിൻറെയും

രക്ഷയുടെയും ജീവിതം ഈശോയുടെ മനുഷ്യാവതാരത്തോടെ സമാരംഭിക്കപ്പെട്ടുവെന്നും ആറാം ക്ലാസിലെ പാഠപുസ്തകം സംഗ്രഹിക്കുന്നു.

ഏഴാം ക്ലാസ്സിൽ, ഈശോയിൽ വെളിപ്പെടുന്ന ദൈവവചനത്തിൻറെ സംമ്പൂർണ്ണതയെ അടിസ്ഥാനമാക്കിയുള്ള പാഠങ്ങളാണ് നല്കിയിരിക്കുന്നത്. പ്രവചനങ്ങളുടെ പൂർത്തീകരമായ മിശിഹാ പഴയ പ്രബോധനങ്ങൾക്കെല്ലാം സജീവമായ തൻറെ വാക്കുകളിലൂടെ പൂർണ്ണത നല്കി. മിശിഹായിലൂടെ രക്ഷയിലേക്ക് വരുന്നവൻ എങ്ങനെ ജീവിക്കണമെന്ന അവിടുത്തെ പ്രബോധനങ്ങളെയാണ് ഏഴാം ക്ലാസ്സിലെ പാഠപുസ്തകം സംഗ്രഹിക്കുന്നത്.

## 5.3 തിരുസ്സഭാ കേന്ദ്രീകൃതം

ഈശോ തൻറെ അപ്പസ്തോലന്മാരിലൂടെ അടിസ്ഥാനമിട്ട ഏകവും സത്യവും സാർവ്വത്രികവും ശ്ലൈഹികവുമായ തിരുസ്സഭയെക്കുറിച്ചാണ് **8,9,10** ക്ലാസ്സുകളിൽ വിശദമായി പ്രതിപാദിക്കുന്നത്. മിശിഹായുടെ ശരീരവും രക്ഷയുടെ കൂദാശയുമായി സഭയെക്കുറിച്ച് ഒരു വിശ്വാസിക്കുണ്ടായിരിക്കേണ്ട അടിസ്ഥാനബോദ്ധ്യങ്ങളെ യഥാർത്ഥത്തിൽ പാഠപുസ്തകങ്ങളുടെ പൊതുവായ പേരുകൾ തന്നെ വെളിപ്പെടുത്തുന്നുണ്ട്.

എട്ടാം ക്ലാസ്സ് - സഭ ദൈവത്തിൻറെ ജനം
ഒമ്പതാം ക്ലാസ്സ് - സഭ ആരാധനാസമൂഹം
പത്താം ക്ലാസ്സ് - സഭ പ്രേഷിതസമൂഹം

ദൈവത്തിൻറെ ജനമായ സഭ എന്താണ്, അത് എങ്ങനെ രൂപപ്പെടുന്നു, ആരാണ് അതിനെ നയിക്കുന്നത്, അതിലെ അംഗങ്ങളുടെ പ്രത്യേകതകളെന്തൊക്കെയാണ് എന്നിങ്ങനെ അടിസ്ഥാനബോദ്ധ്യങ്ങളുടെ സമ്പന്നത എട്ടാം ക്ലാസ്സിലെ പാഠപുസ്തകത്തിൽ നിറഞ്ഞ് നില്ക്കുന്നു. മിശിഹായുടെ മൗതികശരീരമായ സഭ എന്നേക്കുമായി ചെയ്യുന്ന ഏറ്റവും പ്രധാനകാര്യം എന്താണ് എന്ന് ഒമ്പതാം ക്ലാസ്സിലെ പാഠപുസ്തകം

വിശദീകരിക്കുന്നു. ദൈവജനമായ സഭ ആരാധിക്കുന്നവരുടെ സമൂഹമാണ് എന്ന ബോദ്ധ്യം തരുന്നു. ഏറ്റവും വലിയ ആരാധനയായ വിശുദ്ധ കുർബാനയെയും അതിൻറെ ദൈവശാസ്ത്രത്തെയും കുറിച്ച് വിശദമായി പഠിക്കുന്നു. നാലാം ക്ലാസ്സിൽ പരിചയപ്പെട്ടുപോന്ന കൂദാശകളെ കുറച്ചുകൂടി ആഴത്തിൽ മനസ്സിലാക്കുന്നു. കൂദാശകൾ ദൈവികാരാധനയുടെ ഏറ്റവും ആധികാരികവും ഔദ്യോഗികവുമായ വേദികൾ കൂടിയാണല്ലോ. ഒരു വർഷം മുഴുവൻ മിശിഹായുടെ രക്ഷകരരഹസ്യത്തെ ധ്യാനിക്കുന്ന - വർഷം മുഴുവൻ ക്രൈസ്തവജീവിതത്തെ ദൈവാരാധനയാക്കി മാറ്റുന്ന - ആരാധനാക്രമവത്സരത്തെയും അവിടെ പരിചയെപ്പെടുന്നു.

ദൈവജനമായ, ആരാധിക്കുന്നവരുടെ സമൂഹമായ, ഈശോയുടെ മൗതികശരീരമായ തിരുസ്സഭയുടെ ഈ ലോകത്തിലെ ദൗത്യമെന്താണ് എന്നാണ് പത്താം ക്ലാസ്സിലെ പാഠപുസ്തകം പഠിപ്പിക്കുന്നത്. അവൾ പ്രേഷിതയാണ്. സ്വഭാവത്താലേ അയക്കപ്പെട്ടവളാണ്. ലോകത്തിലേക്ക് അയക്കപ്പെട്ടവളാണ്. മിശിഹായിൽ സാദ്ധ്യമായ രക്ഷയെക്കുറിച്ച് ലോകത്തെ അറിയിക്കാൻ നിയോഗിക്കപ്പെട്ടവളാണ്. തിരുസ്സഭയുടെ ഈ പ്രേഷിതമാനത്തെ എങ്ങനെയെല്ലാമാണ് സഭ ഇന്ന് ആവിഷ്കരിക്കുന്നത് എന്നതിൻറെ വിശദീകരണമാണ് ഓരോ പാഠവും. വിവിധ ജീവിതാന്തസുകളെക്കുറിച്ച് തീരുമാനമെടുക്കേണ്ട പ്രായത്തിൽ അവയുടെ പ്രാധാന്യവും പ്രസക്തിയും പ്രത്യേകതകളും ഇവിടെ വിശദമാക്കപ്പെടുന്നുമുണ്ട്.

### 5.4 സഭയിലും സമൂഹത്തിലുമുള്ള ജീവിതം

#### പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകൾ - ക്രൈസ്തവജീവിതം സഭയിലും സമൂഹത്തിലും

ഏകരക്ഷകനായ ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞും മനസ്സിലാക്കിയും പത്തുവർഷങ്ങളിലൂടെ പഠിച്ചെടുത്ത അടിസ്ഥാനക്രൈസ്തവബോധ്യങ്ങൾ പ്രായോഗികമാക്കിയും സഭയിലും സമൂഹത്തിലും ഒരു വിശ്വാസി വ്യാപരിക്കേണ്ടതെങ്ങനെയാണ് എന്ന

പ്രായോഗികദർശനമാണ് **11,12** ക്ലാസ്സുകളിൽ നല്കുക. വിശ്വാസവിരുദ്ധസിദ്ധാന്തങ്ങൾ ഇതരമതവിശ്വാസങ്ങൾ, ഇതരക്രൈസ്തവവിഭാഗങ്ങൾ, വിശ്വാസത്തിന് യുക്തിയുമായുള്ള ബന്ധം എന്നിങ്ങനെ പലവിഷയങ്ങൾ ഇവിടെ കൈകാര്യം ചെയ്യുന്നുണ്ട്. വിശ്വാസത്തിന്റെ അടിസ്ഥാനബോദ്ധ്യം രൂപപ്പെട്ടവർ എന്ന നിലയിലാണ് ഈ ക്ലാസ്സിലെ പാഠപുസ്തകങ്ങൾ വിഷയങ്ങളെ കൈകാര്യം ചെയ്യുന്നതും. സഭയിലെയും സമൂഹത്തിലെയും ജീവിതസാഹചര്യങ്ങളെ അവതരിപ്പിച്ചുകൊണ്ടും സമകാലിക പശ്ചാത്തലങ്ങളെ ചർച്ചാവിഷയമാക്കിക്കൊണ്ടും വേണം ഈ വർഷങ്ങൾ പൂർത്തിയാക്കുവാൻ

## 6. വിശ്വാസപരിശീലനപാഠാവലിയുടെ ഉള്ളടക്കം

നമ്പർ **5**-ൽ വിശദീകരിച്ചിരിക്കുന്നതനുസരിച്ച് തിരുസ്സഭയുടെ അടിസ്ഥാനവിശ്വാസങ്ങളാണ് പത്തുവർഷങ്ങളിലൂടെ കുട്ടികളിലേക്ക് കൈമാറാൻ തിരുസ്സഭ ആഗ്രഹിക്കുന്നത്. പരിശുദ്ധ ത്രിത്വം, കൂദാശകൾ, ദൈവവചനം, തിരുസ്സഭ എന്നിങ്ങനെ ഒരു ക്രൈസ്തവൻ നിർബന്ധമായും മനസ്സിലാക്കിയിരിക്കേണ്ട വിഷയങ്ങളെ ദീർഘമായ സമയമെടുത്ത് നാം അവർക്ക് പരിചയപ്പെടുത്തുകയാണ് ചെയ്യുന്നത്. ഓരോ വിഷയവും കൈകാര്യം ചെയ്യുമ്പോൾ ഈയൊരു സമഗ്രകാഴ്ചപ്പാട് നമുക്കുണ്ടാവണം. ഒപ്പം തന്നെ ഓരോ വിഷയവുമായി ബന്ധപ്പെട്ട് അതാത് കാലത്തുണ്ടാകുന്ന വിവാദങ്ങളെയും പ്രതിസന്ധികളെയും ഫലപ്രദമായി കുട്ടികൾക്ക് വിശദീകരിച്ചുകൊടുക്കാനും സാധിക്കണം.

## 7. വിശ്വാസപരിശീലകർ: സത്യവിശ്വാസത്തിൻറെ പ്രഘോഷകരും കാവൽക്കാരും

പത്താം ക്ലാസ്സിലെ അഞ്ചാമത്തെ പാഠം തിരുസ്സഭയുടെ ആദ്യനൂറ്റാണ്ടുകളിൽ വിശ്വാസത്തിനെതിരേയുണ്ടായ ശീശ്മകളെയും പാഷണ്ഡതകളെയും അതിശക്തമായി എതിരിട്ട വിശ്വാസസമർത്ഥകരെക്കുറിച്ചാണ്

വിശദീകരിക്കുന്നത്. വിശ്വാസപരിശീലകർ ഓരോ കാലഘട്ടത്തിൻറെയും വിശ്വാസസമർത്ഥകർ കൂടിയായി മാറേണ്ടതുണ്ട്. ശുദ്ധമാന സഭയുടെ സത്യവിശ്വാസം കറകളും കളങ്കങ്ങളുമില്ലാതെ സംരക്ഷിക്കുവാനും അതിനെതിരേയുണ്ടാകുന്ന സംഘടിതമായ ആക്രമണങ്ങളെയും അതിൽ വെള്ളം ചേർക്കാനുള്ള കുടിലശ്രമങ്ങളെയും പ്രതിരോധിക്കാനും വിശ്വാസപരിശീലകർ ശേഷിയാർജ്ജിക്കണം.

ദൈവവചനത്തിൻറെ വ്യാഖ്യാതാക്കൾക്ക് സത്യവിശ്വാസത്തിൻറെ നിക്ഷേപത്തിൽ കുറവുകളും കോട്ടങ്ങളും വരാതെ സൂക്ഷിക്കുവാനുള്ള ഗൗരവതരമായ ഉത്തരവാദിത്വമുണ്ട്. ആയതിനാൽ നമ്മുടെ പ്രബോധനങ്ങൾ മൂലം നമുക്ക് നല്കപ്പെട്ടിരിക്കുന്നവർ തെറ്റായ ബോദ്ധ്യങ്ങളിലേക്ക് എത്തിച്ചേരാതിരിക്കാൻ വിശദമായ പഠനത്തിൻറെയും ആഴമായ പ്രാർത്ഥനയുടെയും കൂട്ടായ്മയിലുള്ള പ്രവർത്തനത്തിൻറെയും ജീവിതശൈലി ഓരോ വിശ്വാസപരിശീലകനും ആർജ്ജിക്കേണ്ടതുണ്ട്.

## References


1. Catechism of the Catholic Church
2. Documents of the Second Vatican Council
3. Text books for catechesis in the Syro Malabar Church



**Prepared by**

Noble Thomas Parackal
Bishop's House, Mananthavady
nobelthomasp@gmail.com
+91 9744667206


*Ad Majorem Dei Gloriam!*